**Kerala State Haj Committee**
HAJ HOUSE, P.O. CALICUT AIRPORT,
MALAPPURAM Dist., KERALA-673 647.

Phone: 0483-2710717, 2717571
Website: keralahajcommittee.org
E-mail: keralahajcommittee@gmail.com

Ref: H2-1440/2018/Haj2019/ 16-01-2019

# പത്രക്കുറിപ്പ്:

## ഹജ്ജ് 2019 – തെരഞ്ഞെടുക്കപ്പെട്ടവർ ഫെബ്രുവരി 5നകം പാസ്പോർട്ട് സമർപ്പിക്കുകയും ഒന്നാം ഗഡു അടക്കുകയും ചെയ്യണം

### തെരഞ്ഞെടുക്കപ്പെട്ടവർ താഴെ പറയുന്ന രേഖകൾ സമർപ്പിക്കണം:

(1) ഒറിജിനൽ ഇന്റർനാഷണൽ പാസ്പോർട്ട് (നേരത്തേ സമർപ്പിച്ച 70 വയസ്സ് വിഭാഗമൊഴികെ).
(2) പണമടച്ച (അഡ്വാൻസ് തുക) ബാങ്ക് പേ-ഇൻ സ്ലിപ്പിന്റെ (HCOI) ഒറിജിനൽ.
(3) നിശ്ചിത മാതൃകയിലുള്ള പൂർണ്ണമായ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്,
(4) ചെസ്റ്റ് എക്സ്റേ റിപ്പോർട്ട്. (എക്സ്റേ റിപ്പോർട്ട് മാത്രം, ഫിലിം ആവശ്യമില്ല).
(5) ബ്ലഡ് സി.ബി.സി. (Blood C.B.C) റിപ്പോർട്ട്.
(6) പാസ്പോർട്ട് സൈസ് ഫോട്ടോ ഒന്ന്. (3.5x3.5cm white back ground).

**പാസ്പോർട്ട് സമർപ്പണം:** ഹജ്ജിന് തെരഞ്ഞെടുക്കപ്പെട്ടവർ (70 വയസ്സ് വിഭാഗമൊഴികെ) അവരുടെ ഒറിജിനൽ ഇന്റർനാഷണൽ പാസ്പോർട്ട്, ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം (3.5x3.5cm white back ground) ഫെബ്രുവരി അഞ്ചിനകം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്.

ഒറിജിനിൽ പാസ്പോർട്ട് ഇപ്പോൾ സമർപ്പിക്കുവാൻ കഴിയാത്ത NRI ഉൾപ്പെടെയുള്ളവർക്ക് പാസ്സ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെങ്കിൽ സമയം നീട്ടിത്തരുന്നതിനായുള്ള (പരമാവധി സമയം ശവ്വാൽ 10) അപേക്ഷ താഴെ പറയുന്ന രേഖകൾ സഹിതം സമർപ്പിക്കണം:

(1) അപേക്ഷ 2) പാസ്സ്പോർട്ടിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് 3) വർക്കിംഗ് / റസിഡൻസ് വിസയുടെ പകർപ്പ് 4) ജോലി ചെയ്യുന്ന കമ്പനിയുടെ കത്ത്/സാക്ഷ്യപത്രം.

**പണമടക്കൽ:** 2019 ഹജ്ജിനുള്ള ഒന്നാം ഗഡു 81,000 രൂപ സ്റ്റേറ്റ് ബേങ്ക് ഓഫ് ഇന്ത്യ/ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ-യുടെ ഏതെങ്കിലും ശാഖയിൽ അതാത് അപേക്ഷകരുടെ ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച് കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ അക്കൗണ്ടിൽ നിക്ഷപിച്ച് പേ-ഇൻ സ്ലിപ്പിന്റെ (HCOI) ഒറിജിനൽ കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് 2019 ഫെബ്രുവരി **5**–നകം സമർപ്പിക്കേണ്ടതാണ്. ഒരു കവറിൽ ഒന്നിൽകൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുഴുവൻ പേരുടെയും തുക ഒന്നിച്ചാണ് അടക്കേണ്ടത്. പേ-ഇൻ സ്ലിപ്പിന്റെ "**PILGRIM COPY**" മുഖ്യ അപേക്ഷകൻ സൂക്ഷിക്കേണ്ടതാണ്.

കൂടാതെ രണ്ടാം ഗഡുവായി മാർച്ച് 20ന് മുമ്പ് ഒരാൾക്ക് 1,20,000രൂപ അടക്കണം. എന്നാൽ താൽപര്യമുള്ളവർക്ക് രണ്ട് ഗഡുവും കൂടി ചേർത്ത് ഒരുമിച്ച് 2,01,000രൂപ ഫെബ്രുവരി 5ന് മുമ്പ് അടക്കാവുന്നതുമാണ്. പണം അടക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളും സാങ്കേതിക പഠന ക്ലാസ്സ് സംബന്ധിച്ച വിവരങ്ങളും അതാത് ഏരിയയിലെ ഹജ്ജ് ട്രെയിനർമാർ വഴി ഓരോ കവർ ഹെഡിനെയും അറിയിക്കുന്നതാണ്.

പണമടക്കുന്നതിന് ഓരോ കവറിനും പ്രത്യേകം ബാങ്ക് റഫറൻസ് നമ്പറുകൾ ഉണ്ട്. ഈ ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച് മാത്രമേ പണമടക്കാവൂ. ബാങ്ക് റഫറൻസ് നമ്പറും കവർ നമ്പറും രേഖപ്പെടുത്തിയ പേ-ഇൻ സ്ലിപ്പ് ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽനിന്നും **(www.hajcommittee.gov.in, www.keralahajcommittee.org)** ലഭിക്കുന്നതാണ്. തെറ്റായ രീതിയിൽ പണമടച്ചാലുണ്ടായേക്കാവുന്ന തടസ്സങ്ങൾക്ക് ഹജ്ജ് കമ്മിറ്റി ഉത്തരവാദിയായിരിക്കില്ല. രേഖകൾ നിശ്ചിതസമയത്തിനകം സമർപ്പിക്കാത്തവരുടെയും, നിശ്ചിത തിയ്യതിക്കകം ബാക്കി തുക അടക്കാത്തവരുടെയും തെരഞ്ഞെടുപ്പ് ഒരറിയിപ്പും കൂടാതെ റദ്ദാകുന്നതും അത്തരം സീറ്റുകളിലേക്ക് വെയ്റ്റിംഗ് ലിസ്റ്റിലുള്ള അപേക്ഷകരെ സീനിയോറിറ്റി പ്രകാരം തെരഞ്ഞെടുക്കുന്നതുമാണ്.

*(ഒപ്പ്)*
അസിസ്റ്റന്റ് സെക്രട്ടറി
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി.